# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1657 — 01.11.2019 ലെ മറുപടിക്ക്

**വീടിന് സ്ഥിര കെട്ടിട നമ്പർ നൽകണമെന്ന അപേക്ഷ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം.ജോൺ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ആസാദ് വിളയിൽ എ.ഒ. ജോയി 2001-ൽ നിർമ്മാണം പൂർത്തിയാക്കിയ കടമുറികളോട് കൂടിയ വീടിന് സ്ഥിര കെട്ടിട നമ്പർ നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ; | (എ) | ലഭിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ കെട്ടിട നികുതി കുടിശ്ശിക പിരിക്കുന്നതിന് മുഹമ്മ ഗ്രാമ പഞ്ചായത്ത് നൽകിയ കേസിൽ ചേർത്തല ജെ.എഫ്.എം. കോടതിയുടെ വിധി എന്തായിരുന്നു; | (ബി) | പരാതികക്ഷിയായ പഞ്ചായത്ത് സെക്രട്ടറി സ്ഥിരമായി ഹാജരാകാത്തതിനെ തുടർന്ന് കേസ് കോടതി തള്ളുകയുണ്ടായി. |
| (സി) | ഈ വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപ്പീലിന്മേലുള്ള തീരുമാനം എന്തായിരുന്നു; | (സി) | സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നില്ല. |
| (ഡി) | കെട്ടിട നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥിര നമ്പർ നൽകാതെ ഉടമസ്ഥനെ ബുദ്ധിമുട്ടിക്കുന്ന പഞ്ചായത്തിന്റെ നടപടി പുന:പരിശോധിച്ച് അപേക്ഷകന് നീതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രീ.എ.ഒ.ജോയിയുടെ അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് ഒരു തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**